പൈപ്പ് പൊട്ടലിനെ പറ്റിയുള്ള പഠനം

58 [515] ശ്രീ. എ. കെ. മണി :
" എം. കെ. പോൾസൺ മാസ്റ്റർ :
" വർക്കല കഹാർ :
" സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ കുമ്മിയിൽ പൈപ്പ് പൊട്ടിയതിനുശേഷം മദ്രാസ് മെട്രോപോളിറ്റൻ വാട്ടർ സപ്ലൈ പദ്ധതിയുടെ തലവനായിരുന്ന ദൈവമണിയെ തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽ ഉണ്ടാകുന്ന പൈപ്പ് പൊട്ടലിനെയും മറ്റുംപറ്റി പഠിച്ച് പരിഹാരം നിർദ്ദേശിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ ശുപാർശകൾ എന്തെല്ലാമായിരുന്നു: ഈ ശുപാർശകളനുസരിച്ച് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ : ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ശുപാർശകൾ അനുസരിച്ച് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. †

കല്ലിയൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

59 [516] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലിയൂർ പഞ്ചായത്തിലെ 13 വാർഡുകളിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു പദ്ധതി വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ഡിവിഷൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ് ;

(ബി) ആ പദ്ധതി നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നെടിഞ്ഞിൽതോട് സ്രോതസ്സാക്കി കാക്കാമൂല പമ്പ് ഹൗസിൽ നിന്നും വെള്ളം പമ്പ് ചെയ്ത് അതിനു സമീപത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 2.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പമ്പ് ചെയ്ത് പെരിങ്ങമ്മലയിലെ നിലവിലുള്ള ഉന്നതതല ജലസംഭരണിയിൽ ശേഖരിച്ചശേഷം പുതുതായി ഇടുന്നതും നിലവിലുള്ളതുമായ വിതരണ കുഴലുകളിലൂടെ ജലവിതരണം നടത്തുന്നതാണ് ഈ പദ്ധതി. 570 ലക്ഷം രൂപ മതിപ്പു ചെലവുള്ള ഈ പദ്ധതി ഏകദേശം 38885 ജനങ്ങൾക്ക് പ്രയോജനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[13-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 58 (515)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

ദേവമണി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

ഹ്രസ്വകാല നടപടികൾ

1. പ്രധാന പൈപ്പുകളിലെ ചെറിയ ലീക്ക് കണ്ടാൽ അവ വർദ്ധിക്കാൻ അനുവദിക്കാതെ ഉടൻതന്നെ പരിഹരിക്കേണ്ടതാണ്.

2. പ്രത്യേക യൂണിറ്റ് ദിവസവും അരുവിക്കര നിന്നും സംഭരണികളിലേക്ക് നടന്നുപോയി ലൈനിൽ ലീക്കുകൾ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഉണ്ടെങ്കിൽ ഉടൻതന്നെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സംഭരണിയിലേക്ക് ജലം എത്തിക്കുന്ന പ്രധാന ലൈനുകൾ എല്ലാ ദിവസങ്ങളിലും പ്രത്യേകിച്ച് മഴക്കാലത്ത് നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

3. മഴവെള്ളം പൈപ്പ് ലൈൻ റോഡിൽ കെട്ടി നിൽക്കാൻ അനുവദിക്കാതെ ഒഴുക്കിക്കളയുക.

ദീർഘകാല നടപടികൾ

1. പ്രധാന പൈപ്പുലൈനുകളുടെ സംരക്ഷണത്തിനുവേണ്ടി ഒരു അസിസ്റ്റന്റ് എൻജിനിയറുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ യൂണിറ്റ് രൂപീകരിക്കുക.

2. പ്രധാന പൈപ്പുലൈനുകളിലെ വാൽവുകൾ എപ്പോഴും പ്രവർത്തന സജ്ജമായി സൂക്ഷിക്കുക.

3. ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ ഒരു ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിക്കുക.

4. പ്രസ്തുത ഗ്രൂപ്പ് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly